## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5640** **05/07/2013-ൽ മറുപടി നല്കേണ്ടിയിരുന്നത്**

## വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പാലോട് രവി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥി കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനുദ്ദേശിക്കുന്നു ണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 10.1.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം:08/2013/പൊ.വി.വ പ്രകാരം വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പരിഷ്ക്കരിച്ച് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വിദ്യാർത്ഥികളെ യാണ് ഇൻഷ്വറൻസ് പരിരക്ഷ യുടെ പരിധിയിൽ വരുത്താനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ സർക്കാർ/എയിഡഡ് മേഖലകളിൽ 1 മുതൽ 10 വരെ ക്ലാസ്സു കളിൽ പഠിയ്ക്കുന്ന മുഴുവൻ സ്കൂൾ വിദ്യാർ ത്ഥികളും നിലവിലുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയുടെ പരിധിയിൽ വരുത്തിയിട്ടുണ്ട്. ഹയർ സെക്കൻഡറി, വോക്കേഷണൽ ഹയർ സെക്കൻഡറി, ടെക്നിക്കൽ ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികൾക്കും കൂടി പ്രസ്തുത സ്കീം വ്യാപി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിന് വേണ്ട പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വിദ്യാർത്ഥിയ്ക്ക് അപകടങ്ങളിൽ ഗുരുതരമായ പരിക്ക് പറ്റിയാൽ 10,000 രൂപയും, മരണം സംഭവിക്കുകയാണെങ്കിൽ 50,000 രൂപയും ധനസഹായം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പ് തല നടപടികൾ സ്വീകരിച്ചുവരുന്നു. |

Sreedevi
**സെക്ഷൻ ഓഫീസർ**